ലോകം കണ്ടതിൽ വെച്ച് ഏറ്റവും ഉന്നതനും, മാനവരിൽ മഹോന്നതനുമായ മുഹമ്മദ്(ﷺ)യെ സംബന്ധിച്ച് അറിയലും മനസ്സിലാക്കലും ഓരോ മനുഷ്യൻെറയും ബാധ്യതയാണ്. കാരണം ലോകത്തെ സകലസത്യത്തിലേക്കും, സർവ്വ നന്മകളിലേക്കും നയിക്കുവാനായി ലോകരക്ഷിതാവ് പറഞ്ഞയച്ച അവസാന പ്രവാചകനാണ് മുഹമ്മദ്(ﷺ). ലോകത്തിനനുഗ്രഹമായി നിയോഗിതനായ അവസാന ദൈവികദൂതൻ. അവസാന നാൾ വരെയുള്ള മുഴുവൻ മനുഷ്യരും പിൻപറ്റേണ്ട റസൂൽ. ഈ പ്രവാചകനെ അറിയലും, മനസ്സിലാക്കലും, പിൻപറ്റലും ലോകത്ത് ലഭിക്കുന്ന ഏറ്റവും വലിയ അനുഗ്രഹമാണ്, അതിന്‌വേണ്ടി ചിലവഴിക്കുന്ന സമയം അനുഗ്രഹിതവുമാണ്.

## പ്രവാചകൻ(ﷺ)യുടെ പരമ്പര:

അദ്നാനിൻെറ മകൻ മഅദ്ദിൻെറ മകൻ നിസാറിൻെറ മകൻ മുളറിൻെറ മകൻ ഇല്യാസിൻെറ മകൻ മുദ്‌രികിൻെറ മകൻ ഖുസൈമയുടെ മകൻ കിനാനയുടെ മകൻ നള്റിൻെറ മകൻ മാലികിൻെറ മകൻ ഫിഅ്റിൻെറ മകൻ ഗ്വാലിബിൻെറ മകൻ ലുഹൈയ്യിൻെറ മകൻ കഅബിൻെറ മകൻ മുർറയുടെ മകൻ കിലാബിൻെറ മകൻ ഖുസൈയ്യിൻെറ മകൻ അബ്ദുമനാഫിൻെറ മകൻ ഹാഷിമിൻെറ മകൻ അബ്ദുൽ മുത്തലിബിൻെറ മകൻ അബ്ദുല്ലായുടെ പുത്രനാണ് ഖാസിമിൻെറ പിതാവായ മുഹമ്മദ്(ﷺ). പണ്ഡിതന്മാർ യോജിച്ച പ്രവാചക പരമ്പരയാണ് ഇത്. അതുപോലെ അദ്നാൻ ഇസ്മാഈൽ(ﷺ)ൻെറ സന്താനങ്ങളിൽ പെട്ടതാണെന്നും സ്ഥിരപ്പെട്ടിരിക്കുന്നു.

## പ്രവാചകൻ(ﷺ)യുടെ പേരുകൾ:

പ്രവാചകൻ(ﷺ)ക്ക് അനവധി നാമങ്ങളുണ്ടെന്ന് ഹദീസുകളിൽ നിന്ന് നമുക്ക് മനസിലാക്കുവാൻ കഴിയും. ജുബൈർബ്നു മുത്ഇം(رضي الله عنه)ൽ നിന്ന്: പ്രവാചകൻ(ﷺ)യിൽ നിന്ന് ഞാൻ കേൾക്കുകയുണ്ടായി: "തീർച്ചയായും എനിക്ക് കുറേ നാമങ്ങളുണ്ട്, ഞാൻ മുഹമ്മദാണ്, ഞാൻ അഹ്മദാണ്, ഞാൻ അവിശ്വാസത്തെ മായ്ച്ച് കളയുന്ന അൽമാഹി (മായ്ച്ച് കളയുന്നവൻ)യാണ്, എൻെറ കാലിന് ചുറ്റും ജനങ്ങളെ ഒരുമിച്ച് കൂട്ടുന്ന അൽ ഹാശിറാണ് ഞാൻ, ശേഷം ആരും വരാനില്ലാത്ത അവസാനത്തെയാളും (പ്രവാചകൻ) ഞാനാകുന്നു" (ബുഖാരി, മുസ്‌ലിം) മറ്റൊരു ഹദീസിൽ നമുക്ക് കാണാം: അബൂമൂസൽ അശ്അരി(رضي الله عنه)വിൽ നിന്നും നിവേദനം: പ്രവാചകൻ(ﷺ) സ്വയം തന്നെ ചില നാമങ്ങൾ എനിക്കുണ്ടെന്ന് ഞങ്ങളോട് പറയാറുണ്ടായിരുന്നു: "ഞാൻ മുഹമ്മദാണ്, അഹ്മദാണ്, മുഖഫ്ഫാ (കൂടുതൽ ജനങ്ങൾ പിൻപറ്റുന്ന ദൂതൻ)യാണ്, അൽ ഹാശിറാണ്, തൗബയുടെ ദൂതനാണ്, കാരു ണ്യത്തിൻെറ ദൂതനാണ്" (മുസ്‌ലിം)

## പ്രവാചകൻ(ﷺ)യുടെ പരമ്പരയുടെ പരിശുദ്ധത:

പ്രവാചകൻ(ﷺ)യുടെ കുടുംബ പരമ്പര പരിശുദ്ധിയുള്ളതാണ്, അതിൽ വ്യഭിചാരത്തിൻെറയോ, ചീത്ത പ്രവർത്തനത്തിൻേറതോ ആയ യാതൊരു അംശവും ഇല്ല തന്നെ. അല്ലാഹു തിരുമേനിയു(ﷺ)ടെ പരമ്പരയെ സുരക്ഷിതമാക്കിയിരിക്കുന്നു. ഒരു ഹദീസ് ശ്രദ്ധിക്കുക: വാഥില‌്ബ്നു അസ്ഖഹി(رضي الله عنه)ൽ നിന്ന്: പ്രവാചകൻ(ﷺ) പറയുന്നതായി കേട്ടു: "ഉന്നതനും പ്രതാപവാനുമായ അല്ലാഹു ഇസ്‌ലമാഈൽ(ﷺ)നെ ഇബ്രാഹീമിൻെറ സന്താനങ്ങളിൽ നിന്ന് തിരഞ്ഞെടുത്തു, ഇസ്‌ലമാഈൽ(ﷺ)ൻെറ സന്താനപരമ്പരയിൽ നിന്നും കിനാനയെ തിരഞ്ഞെടുത്തു, കിനാനയുടെ സ ന്താന പരമ്പരയിൽ നിന്ന് ഖുറൈശികളെ തിരഞ്ഞെടുത്തു, ഖുറൈശികളിൽ നിന്ന് ബനൂഹാഷിമിനെയും തിരഞ്ഞെടുത്തു, ബനൂഹാഷിമിൽ നിന്നാണ് എന്നെ തിരഞ്ഞെടുത്തുത്" (മുസ്‌ലിം) അബൂസുഫ്‌യാനോട് ഹിർഖൽ രാജാവ് പ്രവാചകൻ(ﷺ)യുടെ കുടുംബ പരമ്പരയെ സംബന്ധിച്ച് ചോദിച്ചപ്പോൾ അബൂസുഫ്‌യാൻ പറയുകയുണ്ടായി: "അവൻ ഞങ്ങളിൽ ഉന്നത കുടുംബ പരമ്പരയുള്ളവനാകുന്നു, അപ്പോൾ ഹിർഖൽ പറഞ്ഞു: അപ്രകാരം തന്നെയാണ് പ്രവാചകന്മാർ നിയോഗിക്കപ്പെടുക അവരുടെ പരമ്പരയിൽ നിന്ന് തന്നെ യാണ്" (ബുഖാരി)



## പ്രവാചകൻ(ﷺ)യുടെ ജനനം:

റബീഉൽ അവ്വലിലെ തിങ്കളാഴ്ച ദിവസമാണ് ജനിച്ചത്, റബീഉൽ അവ്വൽ രണ്ടിനാണെന്നും, എട്ടിനാണെന്നും, പത്തിനാണെന്നും, പന്ത്രണ്ടിനാണെന്നും പറയപ്പെട്ടിട്ടുണ്ട്. ഇമാം ഇബ്നുകഥീർ പറയുന്നത്: തിരുമേനി(ﷺ) ആനക്കലഹ വർഷമാണ് ജനിച്ചതെന്നാണ് സ്ഥിരപ്പെട്ടതും, ശരിയായതുമായ അഭിപ്രായം. ഇത് തന്നെയാണ് ഇമാം ബുഖാരിയുടെ ഉസ്താദായ ഇബ്രാഹിമിബ്നു മുൻദിറുൽ ഇസാമിയും, ഖലീഫബ്നു ഖയ്യാതും പറയുന്നത്.

മാതാവ് ആമിന പറയുന്നത് പ്രവാചകനെ ഗർഭം ചുമന്ന വേളയിൽ ഭാരമുള്ളതായിട്ടെനിക്കത് അനുഭവപ്പെട്ടിരുന്നില്ലായെന്നും, പ്രസവിച്ചപ്പോൾ അദ്ദേഹത്തിൽ നിന്നും ഒരു പ്രകാശം പുറപ്പെടുകയും അത് കിഴക്കും പടിഞ്ഞാറും പ്രകാശിപ്പിക്കുകയും ചെയ്തിരുന്നുവെന്ന് ചരിത്ര പണ്ഡിതന്മാർ രേഖപ്പെടുത്തുന്നു. ഒരു ഹദീസ് നാം ശ്രദ്ധിക്കുക: ഇർബാള്ബ്നുസാരിയ സുലമി(رضي الله عنه)ൽ നിന്നും നിവേദനം: അദ്ദേഹം പറയുന്നു: പ്രവാചകൻ(ﷺ) പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: "സുരക്ഷിത ഫലകമായ ലൗഹുൽ മഹ്ഫൂളിൽ ഞാൻ അല്ലാഹുവിൻെറ ദാസനാകുന്നു, തീർച്ചയായും അവസാനത്തെ പ്രവാചകനുമാണ്, തീർച്ചയായും ആദം (അല്ലാഹു ആദമിനെ സൃഷ്ടിക്കുന്നതിന് മുമ്പ്) മണ്ണിൽ കൂടി കലർന്നിരുന്നു, ഇതിൻെറ വിശദീകരണം ഞാൻ നിങ്ങൾക്ക് പറഞ്ഞ് തരാം: എൻെറ പിതാവ് ഇബ്രാഹിമിൻെറ പ്രാർത്ഥനയും, ഈസാനബി തൻെറ ജനങ്ങളോട് അറിയിച്ച സന്തോഷ വാർത്തയും, തന്നിൽ നിന്നും പുറപ്പെട്ട പ്രകാശത്താൽ ശാമിലെ കൊട്ടാരങ്ങളെ പ്രകാശപൂരിതമാക്കിയത് ദർശിച്ച എൻെറ ഉമ്മയുടെ സ്വപ്നവുമാകുന്നു അത്" (അഹ്മദ്, ത്വബ്റാനി). പ്രവാചകൻ(ﷺ)യുടെ പിതാവ് തിരുമേനിയുടെ ജനനത്തിന് മുമ്പ് തന്നെ ഇഹലോകവാസം വെടിയുകയുണ്ടായി.

## പ്രവാചകൻ(ﷺ)യുടെ മുലകുടി:

അബൂലഹബിൻെറ അടിമയായിരുന്ന 'ഥുവൈബ' കുറച്ച് ദിവസം തിരുമേനി(ﷺ)ക്ക് മുലകൊടുക്കുകയുണ്ടായി. പിന്നീട് ബനൂസഅദ് ഗോത്രത്തിലേക്ക് മുലകുടിക്കുവാനായി തിരുമേനിയെ പറഞ്ഞയക്കുകയുണ്ടായി, അങ്ങിനെ 'ഹലീമാ സഅദിയ്യ'യെന്ന് പറയുന്ന സ്ത്രീ പ്രവാചകനെ മുലയൂട്ടുകയും ചെയ്തു. ഏകദേശം നാല് വർഷത്തോളം തിരുമേനി(ﷺ) സഅദ് ഗോത്രത്തിൽ ഹലീമയുടെ കൂടെ കഴിഞ്ഞു. അവിടെ വെച്ച് തന്നെയാണ് പ്രവാചക(ﷺ)ൻെറ ഹൃദയം പിളർത്തിയ സംഭവവും ഉണ്ടായത്. അതുമുഖേന പിശാചിനുണ്ടായിരുന്ന ഭാഗത്തെ അദ്ദേഹത്തിൻെറ ഹൃദയത്തിൽ നിന്നും നീക്കം ചെയ്യുകയുണ്ടായി. ഈ സംഭവത്തോടെ ഹലീമ കുട്ടിയെ മാതാവായ ആമിനയെ ഏൽപിക്കുകയുണ്ടായി.

മക്കയിലേക്ക് മടങ്ങുന്ന വഴിയിൽ 'അബവാഅ്' എന്ന് പറയുന്ന സ്ഥലത്ത് വെച്ച് മാതാവ് ആമിന മരണപ്പെടുകയും ചെയ്തു. അന്ന് തിരുമേനിക്ക് ആറ് വയസ്സായിരുന്നു. മക്കാ വിജയത്തിനായി തിരുമേനി(ﷺ) മക്കയിലേക്കുള്ള യാത്രക്കിടയിൽ 'അബവാഅ്' എന്ന സ്ഥലത്തെത്തിയപ്പോൾ തൻെറ റബ്ബിനോട് ഉമ്മയുടെ ഖബർ സന്ദർശിക്കുവാൻ അനുവാദം ചോദിക്കുകയും, അനുവാദം ലഭിക്കുകയും ചെയ്തു. അങ്ങിനെ അവിടെ ചെന്ന് പ്രവാചകൻ(ﷺ) കരയുകയും, ചുറ്റു ഭാഗത്തു മുള്ളവരും കരയുകയും ചെയ്തു. ഈ സംഭവം ഹദീസുകളിൽ നമുക്ക് ഇങ്ങനെ കാണാവുന്നതാണ്:



അബൂഹുറൈറ(رضي الله عنه)വിൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ) തൻെറ ഉമ്മയുടെ ഖബർ സന്ദർശിക്കുകയുണ്ടായി, തിരുമേനി കരയുകയും, അദ്ദേഹത്തിന് ചുറ്റുമുള്ളവരെ അത് കരയിപ്പിക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: "എൻെറ ഉമ്മാക്ക്‌വേണ്ടി ഇസ്തിഗ്ഫാർ നടത്തുവാനായി എൻെറ രക്ഷിതാവിനോട് ഞാൻ അനുവാദം ചോദിച്ചു, പക്ഷേ, അല്ലാഹു അതിന് അനുവാദം നൽകുകയുണ്ടായില്ല, ഞാൻ ഉമ്മയുടെ ഖബർ സന്ദർശിക്കുവാൻ അനുവാദം ചോദിച്ചപ്പോൾ എനിക്ക് അനുവാദം നൽകുകയുണ്ടായി. നിങ്ങൾ ഖബർ സന്ദർശിക്കുക, കാരണം അത് മരണത്തെ ഓർമ്മിപ്പിക്കുന്നതാണ്" (മുസ്‌ലിം). ഉമ്മയുടെ മരണത്തിന് ശേഷം പ്രവാചകനെ സംരക്ഷിച്ചത് തിരുമേനിയു(ﷺ)ടെ പിതാവിൽ നിന്നും അനന്തരമായി ലഭിച്ച ഉമ്മുഅയ്മൻ എന്ന അടിമസ്ത്രീയായിരുന്നു. അങ്ങിനെ തിരുമേനിയുടെ വല്ലുപ്പയായ അബ്ദുൽ മുത്തലിബ് തിരുമേനിയെ ഏറ്റെടുക്കുകയുണ്ടായി. പ്രവാചകന് എട്ട് വയസ്സായ സന്ദർഭത്തിൽ പിതാമഹനായ അബ്ദുൽ മുത്തലിബും മരണപ്പെട്ടു. അബ്ദുൽ മുത്തലിബിൻെറ വസ്വിയ്യത്ത് പ്രകാരം തിരുമേനിയെ എളാപ്പയായ അബൂത്വാലിബ് ഏറ്റെടുത്തു. അബൂത്വാലിബ് തിരുമേനിയെ അങ്ങേയറ്റം സ്നേഹിക്കുകയും, സംരക്ഷിക്കുകയും ചെയ്തു. പ്രവാചകനായി നിയോഗിച്ചപ്പോൾ തിരുമേനിയെ ശത്രുക്കളിൽ നിന്നും സംരക്ഷിക്കുകയും, പ്രയാസങ്ങളിലും, ബുദ്ധിമുട്ടുകളിലും താങ്ങും തണലുമായി സഹായങ്ങളുടെ കരങ്ങളുമായി പ്രവാചകന് വേണ്ടി അവിശ്വാസത്തിലാണെങ്കിൽ പോലും അബൂത്വാലിബ് നിലകൊണ്ടു. അങ്ങിനെ അവിശ്വാസിയായിട്ടാണ് അബൂത്വാലിബ് മരണപ്പെടുന്നത്. പ്രവാചക(ﷺ)നെ നിർലോഭമായി സഹായിച്ചതിനും, ശത്രുക്കളിൽ നിന്നും സംരക്ഷിച്ചതിനും ഫലമായി അബൂത്വാലിബിന് പരലോകത്ത് ശിക്ഷയിൽ ഇളവ് ലഭിക്കുമെന്ന് നമുക്ക് സ്വഹീഹായ ഹദീസുകളിൽ നിന്ന് മനസിലാക്കുവാൻ കഴിയുന്നതാണ്.

## പ്രവാചകൻ(ﷺ)ക്ക് ജാഹിലിയ്യത്തിൻെറ അഴുക്കിൽ നിന്നും അല്ലാഹുവിൻെറ സംരക്ഷണം:

ചെറുപ്പത്തിൽ തന്നെ തിരുമേനി(ﷺ)യെ അല്ലാഹു എല്ലാവിധ ചീത്ത പ്രവർത്തനങ്ങളിൽ നിന്നും, ജാഹിലിയ്യാ കാലഘട്ടത്തിൽ നടമാടിയിരുന്ന മുഴുവൻ ശിർക്കിൽ നിന്നും അന്ധ വിശ്വാസങ്ങളിൽ നിന്നും, മുഴുവൻ ന്യൂനതകളിൽ നിന്നും സംരക്ഷിക്കുകയും, മുഴുവൻ സൽഗുണങ്ങൾ നൽകുകയും ചെയ്തിരുന്നു. അതുകൊണ്ട്തന്നെ ജനങ്ങൾക്കിടയിൽ അദ്ദേഹം അറിയപ്പെട്ടിരുന്നത് 'അൽ അമീൻ' വിശ്വസ്തൻ എന്നായിരുന്നു. ഖുറൈശികൾ കഅബ പുതുക്കി പണിയുവാൻ തീരുമാനിക്കുകയും, അവർ അത് പുതുക്കി പണിയുകയും ചെയ്തു. അവസാനം ഹജറുൽ അസ്‌വദ് വെക്കാൻ നേരത്ത് ഗോത്രങ്ങൾ തമ്മിൽ തർക്കമായി, ഓരോ ഗോത്രവും പറഞ്ഞത് ഞങ്ങൾ അത് സ്ഥാപിക്കാം, ഞങ്ങൾ, ഞങ്ങൾ എന്നാണ്. എന്നാൽ അവസാനം അവരിൽ തീരുമാനമുണ്ടായത് ആദ്യം അവരിലേക്ക് ആദ്യമായി കടന്ന് വരുന്നതാരാണോ അദ്ദേഹത്തിൻെറ തീരുമാനം നമുക്ക് അംഗീകരിക്കാം എന്നായിരുന്നു. അങ്ങിനെ അതാ അവരിലേക്ക് ആദ്യമായി കടന്ന്‌വന്നത് തിരുമേനി(ﷺ)യായിരുന്നു. അവർ സന്തോഷിച്ചു. വിശ്വസ്ഥതയിലും, പരിശുദ്ധിയിലും, സത്യസന്ധതയിലും അവരിൽ മികച്ച് നിന്നിരുന്ന തിരുമേനി(ﷺ)യെ കണ്ട്കൊണ്ട് അവർ വിളിച്ച് പറയുകയുണ്ടായി: 'അൽ അമീൻ' വന്നിരിക്കുന്നു, അദ്ദേഹത്തിൻെറ തീരുമാനം നമുക്ക് സ്വീകരിക്കാം. അവർ അത് തൃപ്തിപ്പെടുകയും ചെയ്തു. അങ്ങിനെ തിരുമേനി ഒരു വസ്ത്രം കൊണ്ട് വരുവാൻ പറയുകയും ആ വസ്ത്രത്തിൽ തൻെറ പരിശുദ്ധമായ കൈകൾ കൊണ്ട് ഹജറുൽ അസ്‌വദ് വെക്കുകയും വസ്ത്രത്തിൻെറ ഓരോ മൂലയിലും ഓരോ ഗോത്രനായകന്മാരോട് പിടിക്കുവാൻ പറയുകയും ചെയ്തു. അങ്ങിനെ അതിൻെറ സ്ഥാനത്തെത്തിയപ്പോൾ തിരുമേനി(ﷺ) തൻെറ കൈകൾ കൊണ്ട് തന്നെ അതിൻെറ യഥാർത്ഥ സ്ഥാനത്ത്

വെക്കുകയും ചെയ്തു. ഇത് കണ്ട ഖുറൈശികൾക്ക് വളരെയധികം സന്തോഷമായി. യുദ്ധത്തിലേക്ക്വരെ നീളുമായിരുന്ന ഒരുകാര്യം വളരെ നിസ്സാരമായി പരിഹരിച്ച തിരുമേനിയിﷺുടെ ബുദ്ധി വൈഭവം കണ്ട് അവർ അത്ഭുതപ്പെടുകയുണ്ടായി. ഈ സംഭവം നമുക്ക് ഇമാം അഹ്മദിൻെറ മുസ്നദിലും, ഹാഖിമിലും കാണാവുന്നതാണ്.

## പ്രവാചകൻ(ﷺ)യുടെ വിവാഹം:

ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ പ്രവാചകൻﷺ ഖദീജയെ വിവാഹം കഴിച്ചു. ഖദീജയുടെ അടിമയോടൊപ്പം തിരുമേനി(ﷺ) ശാമിലേക്ക് കച്ചവടത്തിനായി ഖദീജയുടെ നിർദ്ദേശ പ്രകാരം അടിമയായ മൈസറയുടെ കൂടെ പോയി. അങ്ങിനെ മൈസറ തിരുമേനിയുﷺടെ വിശ്വസ്ഥതയും, സൗമ്യമായ പെരുമാറ്റവും, സദ്ഗുണങ്ങളും ദർശിക്കുകയും, അത് തൻെറ യജമാനത്തിയായ ഖദീജയോട് വിശദീകരിക്കുകയും ചെയ്തപ്പോൾ തിരുമേനിﷺയെ വിവാഹം കഴിക്കുവാൻ അവർ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. അന്ന് അവർക്ക് നാൽപത് വയസ്സും, വിവാഹമോചിതയുമായിരുന്നു.

പ്രവാചകത്വത്തിന് ശേഷം മദീനയിലേക്കുള്ള തിരുമേനിﷺയുടെ ഹിജ്റയുടെ മൂന്ന് വർഷം മുമ്പ് മഹതിയായ ഖദീജാ(ؓ) മരണപ്പെടുകയുണ്ടായി. ഖദീജ മരിക്കുന്നത് വരെ തിരുമേനിﷺ മറ്റൊരു വിവാഹവും കഴിച്ചിട്ടില്ല. ഖദീജയുടെ മരണത്തിന്ശേഷം തിരുമേനിﷺ വിവാഹം കഴിക്കുന്നത് 'സംഅ:യുടെ മകൾ' സൗദയെؓയാണ്. അതിന് ശേഷം അബൂബക്കർ സിദ്ധീഖിؓൻെറ പുത്രിയായ ആയിശാ(ؓ)വിനെ വിവാഹം കഴിക്കുകയുണ്ടായി. ആയിശായേയല്ലാതെ കന്യകയായിട്ട് തിരുമേനിﷺ മറ്റാരെയും വിവാഹം കഴിച്ചിട്ടില്ല. അതിന് ശേഷം ഉമറുബ്നുൽ ഖത്വാബിؓൻെറ പുത്രിയായ ഹഫ്സؓയെ വിവാഹം കഴിക്കുകയുണ്ടായി. പിന്നെ വിവാഹം കഴിച്ചത് ഹാരിഥിൻെറ മകൻ ഖുസൈമയുടെ പുത്രിയായ സൈനബിؓനെയാണ്. പിന്നെ ഉമയ്യയുടെ പുത്രിയായ ഉമ്മു സലമയെന്ന അപര നാമത്തിൽ അറിയപ്പെടുന്ന ഹിന്ദി(ؓ)നെയാണ്. അതിന് ശേഷം ജഹ്ഷിൻെറ മകൾ സൈനബിؓനെയാണ് തിരുമേനിﷺ വിവാഹം കഴിച്ചത്. പിന്നെ ഹാരിഥിൻെറ മകൾ ജുവൈരിയ്യؓയെ വിവാഹം കഴിച്ചു. പിന്നെ ഉമ്മുഹബീബയായ അബൂസുഫ്യാൻെറ മകൾ റംലؓയെ വിവാഹം ചെയ്തു. ഖൈബർ യുദ്ധവേളയിൽ ഹുയെയ്യ്ബ്നു അഹ്ത്വബിൻെറ പുത്രിയായ സ്വഫിയ്യؓയെ വിവാഹം ചെയ്തു. പിന്നെ ഹാരിഥിൻെറ പുത്രിയായ മൈമൂനؓയേയും വിവാഹം ചെയ്തു. ഇവരെയാണ് തിരുമേനിﷺ അവസാനമായി വിവാഹം ചെയ്തത്.

## പ്രവാചകൻ(ﷺ)യുടെ സന്താനങ്ങൾ:

ഇബ്രാഹിം എന്ന കുട്ടി ഒഴിച്ച് മറ്റുള്ള മുഴുവൻ സന്താനങ്ങളും ഖദീജؓയിൽ നിന്നാണ് ജനിച്ചത്. ഇബ്രാഹിംؓ ജനിച്ചത് മുഖൗഖിസ് രാജാവ് സമ്മാനിച്ച മാരിയത്തുൽ ഖിബ്ത്വിയ്യ:(റ) എന്ന അടിമ സ്ത്രീയിൽ നിന്നുമാണ് ജനിച്ചത്.

ആൺമക്കൾ: ഖാസിംؓ. കുറച്ച് ദിവസം മാത്രമെ ഖാസിം ജീവിച്ചിരുന്നുള്ളൂ. പ്രവാചകന് അബുൽഖാസിം (ഖാസിമിൻെറ പിതാവ്) എന്ന അപര നാമമുണ്ടായിരുന്നു. പിന്നെ അബ്ദുല്ലാഹ്ؓ ജനിക്കുകയുണ്ടായി. തുടർന്ന് മദീനയിൽ വെച്ച് ഇബ്രാഹീമുംؓ ജനിച്ചു. ഇബ്രാഹിംؓ ഒരു വർഷവും പത്ത് മാസവുമാണ് ജീവിച്ചിരുന്നത്.

പെൺമക്കൾ: സൈനബ(റ)യാണ് തിരുമേനിയുടെ വലിയ പുത്രി. അവരെ അബുൽ ആസ്ബ്നു റബീഅ:യാണ് വിവാഹം കഴിച്ചിരുന്നത്. റുഖിയ്യ(റ), അവരെ വിവാഹം കഴിച്ചിരുന്നത് ഉഥ്മാന്ബ്നു അഫ്ഫാൻؓ ആയിരുന്നു. ഫാത്വിമ(റ) അവരെ വിവാഹം കഴിച്ചത് അലിയ്യുബ്നു അബൂത്വാലിബുമാؓയിരുന്നു. ഫാത്വിമ(റ)യിൽ നിന്നാണ് സ്വർഗീയ യുവാക്കളുടെ നേതാക്കളായ ഹസൻؓ, ഹുസൈൻؓ എന്നിവർ ജനിച്ചത്. ഉമ്മുകുൽസൂം(റ), റുഖിയ്യؓയുടെ മരണത്തിന് ശേഷം ഉഥ്മാനുബ്നു അഫ്ഫാൻؓ തന്നെയാണ് ഉമ്മു കുൽസൂമി(റ)നെയും വിവാഹം കഴിച്ചത്.



## പ്രവാചകത്വം:

തിരുമേനിﷺയുടെ നാൽപതാമത്തെ വയസ്സിൽ അല്ലാഹു അദ്ദേഹത്തെപ്രവാചകനായി നിയോഗിക്കുകയുണ്ടായി. റമളാൻ പതിനേഴിന് ഹിറാ ഗുഹയിൽ വെച്ചാണ് ആദ്യമായി ജിബ്രീൽؑ തിരുമേനിക്ക് ദിവ്യ സന്ദേശവുമായി വരുന്നത്. വഹ്യ് ലഭിക്കുന്ന സന്ദർഭത്തിൽ തിരുമേനിയുﷺടെ മുഖം വിവർണമാവുകയും, നെറ്റിത്തടത്തിൽ വിയർപ്പ് പൊടിയുകയും, പ്രയാസമനുഭവപ്പെടുകയും ചെയ്യുമായിരുന്നു. തിരുമേനിﷺക്ക് ആദ്യമായി വഹ്യുമായി വന്നപ്പോൾ മലക്ക് അദ്ദേഹത്തോട് വായിക്കുവാൻ ആവശ്യപ്പെട്ടു. എനിക്ക് വായിക്കാനറിയില്ലെന്ന് തിരുമേനിﷺ ഉത്തരം പറയുകയുണ്ടായി. അപ്പോൾ തിരുമേനിﷺയെ മലക്ക് പ്രയാസമനുഭവപ്പെടുമാറ് കെട്ടിപിടിച്ചു. വീണ്ടും ആവശ്യപ്പെട്ടു, നീ വായിക്കുക, തിരുമേനിﷺ പ്രത്യുത്തരം നൽകിയത് എനിക്ക് വായിക്കാനറിയില്ലായെന്നാണ്. അങ്ങിനെ മൂന്ന് പ്രാവശ്യം ആവർത്തിക്കുകയുണ്ടായി. പിന്നെ മലക്ക് ജിബ്രീൽؑ അദ്ദേഹത്തിന് പടച്ച തമ്പുരാൻെറ ദിവ്യ സന്ദേശം നൽകുകയാണ്: "സൃഷ്ടിച്ചവനായ നിൻെറ രക്ഷിതാവിൻെറ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക. നിൻെറ രക്ഷിതാവ് പേനകൊണ്ട് പഠിപ്പിച്ചവനായ ഏറ്റവും വലിയ ഔദാര്യവാനാകുന്നു. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു" (അലഖ്: 1-5) ഇത് കേട്ട തിരുമേനിﷺ പേടിച്ച് വിറച്ച്കൊണ്ട് എന്നെ പുതപ്പിച്ച് തരൂവെന്ന് പറഞ്ഞ് കൊണ്ട് ഭാര്യ ഖദീജയുؓടെ അടുത്തേക്ക് ഓടിപ്പോയി. ഉണ്ടായ കാര്യങ്ങളെല്ലാം വിവരിച്ച് കൊടുക്കുകയും ചെയ്തു. ഖദീജؓ അദ്ദേഹത്തിന് ധൈര്യം നൽകി കൊണ്ട് പറയുകയാണ്: "താങ്കൾ സന്തോഷിക്കുക, അല്ലാഹു താങ്കളെ ഒരിക്കലും നിന്ദിക്കുകയില്ല, താങ്കൾ കുടുംബ ബന്ധം ചേർക്കുകയും, സത്യസന്ധത പുലർത്തുകയും, അവശരെ സഹായിക്കുകയും, പാവപ്പെട്ടവർക്ക് താങ്ങായി നിലനിൽക്കുകയും ചെയ്യുന്നവരാണ്. അത്കൊണ്ട് തന്നെ താങ്കളെ അല്ലാഹു ഒരിക്കലും കൈവെടിയുകയില്ല".

തുടർന്ന് വഹ്യ് നിലയ്ക്കുകയാണുണ്ടായത്. അല്ലാഹു ഉദ്ദേശിച്ചകാലം അങ്ങിനെ നീണ്ട്പോയി. പ്രവാചകൻﷺ വഹ്യ് ഇറങ്ങിയെങ്കിൽ എന്ന് ആഗ്രഹിച്ച്പോയി. പിന്നെ ആകാശത്തിനും ഭൂമിക്കുമിടയിൽ ഒരു മലക്കിനെ കാണുകയും താങ്കളെ യഥാർത്ഥത്തിൽ അല്ലാഹു പ്രവാചകനായി തിരഞ്ഞെടുത്തിരിക്കുന്നുവെന്ന് വ്യക്തമാക്കുകയും ചെയ്തു. ഇത്കണ്ട തിരുമേനി പേടിച്ച് വിറച്ച് കൊണ്ട് എന്നെ പുതപ്പിച്ച് തരൂ... എന്നെ പുതപ്പിച്ച് തരൂ... എന്ന് പറഞ്ഞ് ഭാര്യ ഖദീജؓയുടെ അടുത്തേക്ക് ഓടിപ്പോയി. അപ്പോൾ അല്ലാഹു വീണ്ടും വഹ്യ് ഇറക്കുകയാണ്:

"ഹേ, പുതച്ചു മൂടിയവനെ, എഴുന്നേറ്റു (ജനങ്ങളെ) താക്കീതു ചെയ്യുക. നിൻെറ രക്ഷിതാവിനെ മഹത്വപ്പെടുത്തുകയും, നിൻെറ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും ചെയ്യുക" (മുദ്ദഥ്ഥിർ:1-4) ഈ ആയത്തിലൂടെ അല്ലാഹു പ്രവാചകനോട് എഴുന്നേറ്റ് ജനങ്ങളെ സത്യത്തിലേക്ക് ക്ഷണിക്കുവാൻ കൽപിക്കുകയാണ് ചെയ്തത്. പ്രവാചകൻﷺ എഴുന്നേൽക്കുക തന്നെ ചെയ്തു. തന്നിൽ ഏൽപിച്ച ഉത്തരവാദിത്വം നിർവ്വഹിക്കുവാൻ തന്നെ തീരുമാനിക്കുകയായിരുന്നു. അങ്ങിനെ കുട്ടികളിലും, വലിയവരിലും, സ്വതന്ത്രരിലും, അടിമകളിലും, പുരുഷന്മാരിലും, സ്ത്രീ



കളിലും, കറുത്തവരിലും, വെളുത്തവരിലും പ്രബോധനം നടത്തി. ഇഹലോകത്തും പരലോകത്തും വിജയവും, നേട്ടവും ലഭിക്കണമെന്ന് അല്ലാഹു ഇഷ്ടപ്പെടുന്നവരിൽ ഉൾപ്പെട്ട ഓരോ ഗോത്രങ്ങളിലുമുള്ളവർ ഈ പ്രബോധനത്തിന് ഉത്തരം നൽകുകയും ചെയ്തു. അങ്ങിനെ ഓരോ വ്യക്തികൾ പ്രകാശത്തിലേക്കും, പ്രമാണങ്ങളിലേക്കും പ്രവേശിക്കുകയാണ് ചെയ്തത്. എന്നാൽ മക്കയിലുണ്ടായിരുന്ന വിഢ്ഢികൾ വിശ്വാസികളെ ഉപദ്രവിക്കുവാൻ ആരംഭിച്ചു. അല്ലാഹു പ്രവാചകനെ അവരിൽ നിന്നും രക്ഷിച്ചു. അവരിൽ തന്നെ സ്ഥാനവും, പ്രതാപവാനും, അംഗീകാരവുമുണ്ടായിരുന്ന തിരുമേനിയുടെ എളാപ്പയായ അബൂത്വാലിബിൻെറ സംരക്ഷണം അല്ലാഹു പ്രവാചകന് നൽകുകയുണ്ടായി.

ഇബ്നു അബ്ബാസ്(ؓ)വിൽ നിന്ന് "നീ നിൻെറ അടുത്ത ബന്ധുക്കളെ താക്കീത് നൽകുക" എന്ന ആയത്തിറങ്ങിയപ്പോൾ പ്രവാചകൻ(ﷺ) സഫാ മലയുടെ മുകളിൽ കയറികൊണ്ട് ബനൂഫിഹ്ർ, ബനൂഅദിയ്യ് തുടങ്ങിയ അറബി ഗോത്രങ്ങളെ വിളിക്കുകയാണ്. അങ്ങിനെ അവർ മുഴുവനും അവിടെ ഒരുമിച്ച് കൂടി. അതിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർ അവിടെ എന്താണ് നടക്കുന്നത് എന്നറിയുവാനായി ദൂതന്മാരെ അയക്കുകയും ചെയ്തു. അങ്ങിനെ അബൂലഹബും, ഖുറൈശികളും വന്നു. അങ്ങിനെ അവിടെ ഒരുമിച്ച് കൂടിയവരോട് തിരുമേനി (ﷺ) ചോദിക്കുകയാണ്. 'ഈ മലയ്ക്കപ്പുറത്തെ താഴ്വരയിൽ ഒരു കുതിരപ്പട്ടാളം നിങ്ങളെ ആക്രമിക്കുവാൻ സന്നദ്ധരായി വന്നിട്ടുണ്ടെന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? അവർ ഒരേ സ്വരത്തിൽ പറയുകയുണ്ടായി: അതെ, ഞങ്ങൾ വിശ്വസിക്കും. കാരണം നീ ഇന്ന് വരെ ഞങ്ങളോട് സത്യമല്ലാതെ പറഞ്ഞിട്ടില്ലല്ലോ. അപ്പോൾ തിരുമേനി തുടരുകയാണ്: 'എന്നാൽ തീർച്ചയായിട്ടും ഞാൻ നിങ്ങൾക്ക് കഠിന ശിക്ഷയെ തൊട്ട് താക്കീത് നൽകുവാൻ വന്നവനാണ്." അപ്പോൾ അബൂലഹബ് പറയുകയാണ്: 'നിനക്ക് എല്ലാ ദിവസവും നാശമുണ്ടാവട്ടെ, ഇതിനാണോ ഞങ്ങളെ നീ ഒരുമിച്ച് കൂട്ടിയത്" അപ്പോഴാണ് അല്ലാഹു താഴെ വരുന്ന ആയത്തിറക്കിയത്: "അബൂലഹബിൻെറ ഇരു കരങ്ങളും നശിച്ചിരിക്കുന്നു. അവൻ നാശമടയുകയും ചെയ്തിരിക്കുന്നു. അവൻെറ ധനമോ അവൻ സമ്പാദിച്ചുവെച്ചതോ അവന്നു ഉപകാരപ്പെട്ടില്ല." (ബുഖാരി)

## ഉപദ്രവങ്ങളിൽ തിരുമേനി(ﷺ)യുടെ ക്ഷമ:

പ്രബോധനവുമായി മുന്നോട്ട് പോയപ്പോൾ പ്രവാചകന്ﷺ സ്വന്തം സമുദായത്തിൽ നിന്ന് സഹിക്കാൻ കഴിയാത്ത ഉപദ്രവങ്ങൾ നേരിടേണ്ടി വന്നും. ആ സന്ദർഭങ്ങളിലെല്ലാം തന്നെ അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം കാംക്ഷിച്ച്കൊണ്ട് ക്ഷമയവലംബിക്കുകയാണ് തിരുമേനിﷺ ചെയ്തത്. തന്നിൽ വിശ്വസിച്ചവർക്ക് നേരെയുള്ള പീഢനം കഠിനമായപ്പോൾ തൻെറ അനുയായികളോട് അബ്സീനിയയിലേക്ക് പാലയനം ചെയ്യുവാൻ തിരുമേനിﷺ കൽപിക്കുകയുണ്ടായി. അങ്ങിനെ അവർ അബ്സീനിയയിലേക്ക് ഹിജ്റ പോയി.

ഇബ്നുഇസ്ഹാഖ് പറയുകയാണ്: അബൂത്വാലിബ് മരണപ്പെട്ടപ്പോൾ ഖുറൈശികൾ തിരുമേനിﷺയെ വളരെയധികം ഉപദ്രവിക്കുകയുണ്ടായി. അത് തിരുമേനി തന്നെ പറയുകയാണ്: "അല്ലയോ എളാപ്പ, താങ്കളുടെ വിയോഗം ഇത്ര പെട്ടെന്ന് ഞാൻ മനസ്സിലാക്കിയല്ലോ?" (അബൂനുഐം) അതായത് അബൂത്വാലിബ് മരിച്ചപ്പോൾ ഖുറൈശികൾ പ്രവാചകനെ വളരെയധികം ഉപദ്രവിക്കുകയുണ്ടായി എന്നർത്ഥം.

അബ്ദുല്ലാഇബ്നു മസ്ഊദിൽ നിന്ന്: "പ്രവാചകﷺ തിരുമേനി കഅബയുടെ അടുത്ത് നമസ്കരിക്കുകയായിരുന്നു. ആ സമയത്ത് അബൂജഹ്ലും കൂട്ടുകാരും അവിടെ ഇരിക്കുകയാണ്. അവരിൽ പെട്ട ചിലർ മറ്റു ചിലരോട് പറയുകയുണ്ടായി: ആരാണ് ഇന്ന വ്യക്തിയുടെ അടുത്ത് പോയി ഒട്ടകത്തിൻെറ ചീഞ്ഞ കുടൽമാല കൊണ്ട് വന്ന് മുഹമ്മദ് സുജൂദിൽ പോകുമ്പോൾ പിരടിയിൽ ഇടുക? അങ്ങിനെ അവരിൽ ദൗ

ർഭാഗ്യവാന്മാരിൽ ചിലർ അവിടെപോയി അത് കൊണ്ട് വന്നു. അങ്ങിനെ പ്രവാചകൻ(ﷺ) എപ്പോഴാണ് സുജൂദ് ചെയ്യുന്നതെന്ന് അവർ നോക്കി കൊണ്ടിരുന്നു. അങ്ങിനെ പ്രവാചകൻ സുജൂദിൽപോയ ഉടനെ പ്രവാചകൻെറ രണ്ട്ചുമലിൻെറയും മുതുകിൻെറയും ഇടയിൽ ഇടുക യും ചെയ്തു. അബ്ദുല്ലാഇബ്നു മസ്ഊദ് പറയുകയാണ്: എനിക്ക് ഒന്നിനും സാധിക്കുമായിരുന്നില്ല. സാധിക്കുമായിരുന്നെങ്കിൽ ഞാനത് അപ്പോൾ തന്നെ എടുത്ത് മാറ്റിയിരുന്നു. അങ്ങിനെ അവർ പരസ്പരം കളിയാക്കി ചിരിക്കുകയും, അങ്ങോട്ടുമിങ്ങോട്ടും രസിക്കുകയും ചെയ്ത് കൊണ്ടിരുന്നു. പ്രവാചകൻ സുജൂദിൽ തന്നെ കിടക്കുകയാണ്. തിരുമേനിക്ക് തല ഉയർത്തുവാൻ സാധിക്കുന്നില്ല. അങ്ങിനെ മകൾ ഫാത്വിമ ؓ വന്ന്കൊണ്ടാണ് അത് എടുത്ത് മാറ്റിയത്. പിന്നെ പ്രവാചകൻ ﷺ തൻെറ തല ഉയർത്തുകയും അവർക്കെതിരിൽ പ്രാർത്ഥിക്കുകയാണ്: അല്ലാഹുവെ നീ ഖുറൈശികളെ നശിപ്പിക്കേണമേ. മൂന്ന് പ്രാവശ്യം അത് ആവർത്തിക്കുകയും ചെയ്തു. അങ്ങിനെ പ്രവാചകൻ ﷺ പ്രാർത്ഥിച്ചത് അവർ കേൾക്കുകയും ചെയ്തു. പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന സ്ഥലമാണല്ലോ മക്ക. അത് കൊണ്ട് തന്നെ അവർക്ക് വളരെയധികം മനഃപ്രയാസമുണ്ടായി. പിന്നീട് പ്രവാചകൻ തുടരുകയാണ്: അല്ലാഹുവെ, അബൂജഹ്ൽ, ഉത്ബബ്നു റബീഅഃ ശൈബബ്നു റബീഅഃ, വലീദ്ബ്നു ഉത്ബ, ഉമയ്യബ്നു ഖലഫ്, ഉഖ്ബബ്നു അബീമുഈത്വ് എന്നിവരെ നീ നശിപ്പിക്കേണമേ! ഏഴാമത്തെ വ്യക്തിയേയും പ്രവാചകൻ എണ്ണി പറയുകയുണ്ടായി. അതാരാണെന്ന് ഞാൻ മറന്ന് പോയി. അല്ലാഹു തന്നെയാണ് സത്യം! പ്രവാചകൻ(ﷺ) എണ്ണിപ്പറഞ്ഞ മുഴുവൻ പേരെയും എനിക്ക് ബദ്ർ യുദ്ധവേളയിൽ ബദ്റിലെ പൊട്ടക്കിണറിൽ കാണാൻ സാധിക്കുകയുണ്ടായി" (ബുഖാരി, മുസ്ലിം)

ഉർവ്വത്ബ്നു സുബൈർ ؓ പറയുകയാണ്: മുശ്രിക്കുകൾ പ്രവാചകനെ ഉപദ്രവിച്ചിരുന്നതിൻെറ കാഠിന്യത്തെ സംബന്ധിച്ച് ഞാൻ അബ്ദുല്ലാഇബ്നു അംറിനോ ؓ ട് ചോദിക്കുകയുണ്ടായി, അദ്ദേഹം പറയുന്നു: ഉഖ്ബത്ബ്നു അബൂമുഈത്വ് ഒരിക്കൽ നമസ്കരിച്ച് കൊണ്ടിരുന്ന പ്രവാചകനരികിൽ വന്ന്കൊണ്ട് അദ്ദേഹത്തിൻെറ തട്ടം തിരുമേനിയുടെ കഴുത്തിൽ ഇട്ട് കൊണ്ട് വലിച്ച് മുറുക്കുകയുണ്ടായി. അപ്പോൾ അബൂബക്കർ ؓ അവിടേക്ക് വന്ന്കൊണ്ട് പറയുകയാണ് "എൻെറ രക്ഷിതാവ് അല്ലാഹുവാണെന്ന് പറഞ്ഞതിനാണോ ഈ മനുഷ്യനെ നിങ്ങൾ കൊല്ലുന്നത്, അദ്ദേഹം നിങ്ങളുടെ രക്ഷിതാവിൽ നിന്നും വ്യക്തമായ തെളിവും കൊണ്ടു വന്നിരിക്കെ" (ബുഖാരി)

## പ്രവാചകൻ(ﷺ)ക്ക് തൻെറ സമൂഹത്തോടുള്ള കാരുണ്യം:

ഖദീജാ ؓ യുടെയും, അബൂത്വാലിബിൻെറയും മരണത്തിന് ശേഷം പ്രവാചക ﷺ ന് നേരെയുള്ള ശത്രുക്കളുടെ ഉപദ്രവങ്ങൾ അധികരിക്കുകയാണുണ്ടായത്. അവർ അതികഠിനമായി തന്നെ ഉപദ്രവിക്കാനാരംഭിച്ചു. ആ സന്ദർഭത്തിൽ തൻെറ ബന്ധുക്കളുള്ള ത്വാഇഫിലേക്ക് അൽപം ആശ്വാസത്തിനും, പ്രബോധനത്തിനുമായി തിരുമേനി പുറപ്പെടുകയുണ്ടായി. അങ്ങിനെ അവിടെയുണ്ടായിരുന്ന ഥഖീഫ് ഗോത്രത്തെ ഇസ്ലാമിലേക്ക് ക്ഷണിച്ചു. പ്രതീക്ഷക്ക് വിപരീതമായിട്ടാണ് കാര്യങ്ങൾ നീങ്ങിയത്. അവർ അദ്ദേഹത്തെ കഠിനമായി തന്നെ ഉപദ്രവിക്കുവാൻ ആരംഭിച്ചു. തിരുമേനിയെ പരിഹസിക്കുകയും, ആട്ടിയോടിക്കുകയും, കല്ലെറിയുകയും ചെയ്തു. തിരുമേനിയു ﷺ ടെ കാലിൽ നിന്നും രക്തം വാർന്നൊഴുകുകയുണ്ടായി. അങ്ങിനെ മക്കയിലേക്ക് തന്നെ മടങ്ങുവാൻ പ്രവാചകൻ ﷺ നിർബ്ബന്ധിതനായി. ഈ കാര്യം തിരുമേനി ﷺ തന്നെ പറയുന്നത് ഇമാം ബുഖാരിയും, മുസ്ലിമും ഉദ്ദരിക്കുന്നത് നാം ശ്രദ്ധിക്കുക:

"വളരെയധികം ദുഃഖത്തോടെ ഞാൻ അവിടെ നിന്നും പുറപ്പെടുകയുണ്ടായി, സങ്കടം കാരണത്താൽ എനിക്ക് മാനസിക വിഷമമുണ്ടായി, അങ്ങിനെ മക്കയോടടുത്ത ഖർനുസഅ്ആലിബ് എന്ന് പറയുന്ന സ്ഥലത്തെത്തിയപ്പോൾ



ഞാൻ എൻെറ തലയുയർത്തി നോക്കി., അപ്പോഴതാ മേഘങ്ങൾഎനിക്ക് തണൽ വിരിച്ചിരിക്കുന്നു, അങ്ങിനെ ഞാൻ മേൽപോട്ട് നോക്കി,അതാ ജിബ്രീൽ എന്നെ വിളിക്കുന്നു, തുടർന്ന് പറയുകയാണ്: താങ്കളോട് നിൻെറ സമൂഹം പറഞ്ഞത് തീർച്ചയായും അല്ലാഹു കേട്ടിരിക്കുന്നു, താങ്കൾക്ക് അവർ ഉത്തരം നൽകിയില്ല. അതുകൊണ്ട് താങ്കൾ പറയുന്ന ശിക്ഷ അവരിലേക്ക് ഇറക്കുവാനായി അല്ലാഹു താങ്കളിലേക്ക് പർവ്വതങ്ങളുടെ മലക്കുകളെ അയച്ചിരിക്കുന്നു, അപ്പോഴതാ പർവ്വതങ്ങളുടെ മലക്ക് വിളിക്കുകയും സലാം പറയുകയും ചെയ്യുന്നു. എന്നിട്ട് പറഞ്ഞു: അല്ലയോ മുഹമ്മദ്, താങ്കൾ ഉദ്ദേശിക്കുന്നത് കൽപിക്കുക, താങ്കൾ ഉദ്ദേശിക്കുകയാണെങ്കിൽ അഖ്ശബൈനിയുടെ (മക്കയിലെ രണ്ട് പർവ്വതങ്ങൾ) അപ്പുറത്തേക്ക് ഇവരെ നശിപ്പിക്കാവുന്നതാണ്. അപ്പോൾ അതാ കാരുണ്യത്തിൻെറ പ്രവാചകൻ ﷺ പറയുന്നത്, വേണ്ട, ഒരു പക്ഷേ അവരുടെ മുതുകുകളിൽ നിന്ന് അല്ലാഹുവിനെ മാത്രം ആരാധിക്കുകയും, അവനിൽ യാതൊന്നിനെയും പങ്ക്ചേർക്കാതിരിക്കുകയും ചെയ്യുന്നവരെ അല്ലാഹു സൃഷ്ടിച്ചേക്കാം, അതാണ് ഞാൻ ആഗ്രഹിക്കുന്നത്" (ബുഖാരി)

പ്രവാചകൻ അതെയെന്ന് പറയേണ്ട താമസം, അവിടെ അല്ലാഹുവിൻെറ ശിക്ഷയിറങ്ങും, ഉറപ്പാണ്, പക്ഷേ കാരുണ്യത്തിൻെറ പ്രവാചകൻ തൻെറ സമൂഹത്തോട് വളരെയധികം കാരുണ്യം കാണിക്കുന്നവനാണ്. അത്കൊണ്ട് തൻെറ ആ അവസ്ഥയിൽ പോലും കാരുണ്യത്തിൻെറ ഉദാത്ത മാതൃകയാണ് പ്രാവാചകൻ കാഴ്ചവെച്ചത്.

പ്രവാചകൻ ﷺ ഒരോ ഹജ്ജിൻെറയും, മറ്റും സീസനുകളിൽ വന്ന്കൊണ്ട് ഓരോ ഗോത്രങ്ങളെയും സമീപിച്ച് പറയും: "ആരുണ്ട് എനിക്ക് അഭയം നൽകുവാൻ, ആരുണ്ട് എന്നെ സഹായിക്കുവാൻ, കാരണം ഖുറൈശികൾ എൻെറ രക്ഷിതാവിൻെറ വചനങ്ങൾ പറയുന്നതിൽ നിന്നും തടയുന്നു!"

അങ്ങിനെ ഒരു ഹജ്ജ് വേളയിൽ മക്കയിലെ അഖബയുടെ അടുത്ത് വച്ച് ആറ് വ്യക്തികളെ കാണുകയും, അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തു. അവർ ആ ക്ഷണം സ്വീകരിച്ച് കൊണ്ട് മുസ്ലിംങ്ങളാവുകയും ചെയ്തു. മുസ്ലിങ്ങളായ ആറുപേർ മദീനയിലേക്ക് മടങ്ങുകയും, അവരുടെ സമൂഹത്തെ ഇസ്ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തു. അങ്ങിനെ അവരിൽ ഇസ്ലാം വ്യാപിച്ചു. അങ്ങിനെയാണ് രഹസ്യമായി ഒന്നാം അഖബാഉടമ്പടിയും, രണ്ടാം അഖബാ ഉടമ്പടിയും ഉണ്ടായത്. അങ്ങിനെ തിരുമേനിയു ﷺ ടെ കൽപന പ്രകാരം മദീനയിലേക്ക് ഓരോ ചെറിയ, ചെറിയ സംഘങ്ങളായി വിശ്വാസികൾ ഹിജ്റ പോവുകയും ചെയ്തു.

## പ്രവാചകൻ(ﷺ)യുടെ മദീനയിലേക്കുള്ള ഹിജ്റ:

അല്ലാഹുവിൻെറ നിർദ്ദേശപ്രകാരം പ്രവാചകൻ ﷺ യും, കൂട്ടുകാരൻ അബൂബക്കറും മദീനയിലേക്ക് ഹിജ്റ പുറപ്പെടുകയാണ്, അവർ ഥൗർ ഗുഹയുടെ നേരെയാണ് പോയത്. അവിടെ മൂന്ന് ദിവസം തങ്ങി. എന്നാൽ മുഹമ്മദിനെയും, കൂട്ടുകാരനെയും പിടിക്കുവാനായി ഖുറൈശികൾ എല്ലാ ഭാഗങ്ങളിലേക്കും ആളുകളെ നിയോഗിക്കുകയുണ്ടായി. പക്ഷേ, ഖുറൈശികൾക്ക് അവരെ കണ്ടെത്താനായില്ല. അങ്ങിനെ അവിടെ നിന്നും മദീനയിലേക്ക് തിരിക്കുകയും, മദീനക്കാർ അവരെ ഹാർദ്ദവമായി സ്വീകരിക്കുകയും ചെയ്തു. അവിടെ തിരുമേനിയുടെ പള്ളിയും, വീടും നിർമ്മിക്കുകയും ചെയ്തു.

## പ്രവാചകൻ(ﷺ) നയിച്ച യുദ്ധങ്ങൾ:

ഇബ്നുഅബ്ബാസ്(ؓ)വിൽ നിന്ന്: തിരുമേനി ﷺ മക്കയിൽ നിന്ന് മദീനയിലേക്ക് ഹിജ്റ പുറപ്പെട്ടപ്പോൾ അബൂബക്കർ(ؓ) പറഞ്ഞു: 'അവർ അവരുടെ പ്രവാചകനെ പുറത്താക്കി, അവർ നശിക്കുക തന്നെ ചെയ്യുന്ന



താണ്, അപ്പോൾ അല്ലാഹു ഈ ആയത്തിറക്കുകയാണ്: "യുദ്ധത്തിനിരയാകുന്നവർക്ക്, അവർ മർദ്ദിതരായതിനാൽ (തിരിച്ചടിക്കാൻ) അനുവാദം നൽകപ്പെട്ടിരിക്കുന്നു. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവൻ തന്നെയാകുന്നു" (ഹജ്ജ്: 39) യുദ്ധത്തിൻെറ വിഷയത്തിൽ ആദ്യമായി ഇറങ്ങിയ ആയത്ത് ഇതാണ്. തിരുമേനിയു ﷺ ടെ കാലത്ത് പ്രബോധന മാർഗത്തിൽ ഇരുപത്തേഴ് യുദ്ധങ്ങൾക്ക് നേതൃത്വം നൽകുകയും, അതിൽ ബദ്ർ, ഉഹ്ദ്, മുറൈസീഹ്, ഖന്ദഖ്, ഖുറൈള, ഖൈബർ, ഫത്ഹ് മക്ക, ഉനൈൻ, ത്വാഇഫ് എന്നി ഒൻപത് യുദ്ധങ്ങളിൽ തിരുമേനി നേരിട്ട് പങ്കെടുക്കുകയും ചെയ്തു. അതുപോലെ അൻപത്താറ് യുദ്ധ സംഘങ്ങളെ നിയോഗിക്കുകയും ചെയ്തു.

## പ്രവാചകൻ(ﷺ)യുടെ ഹജ്ജും ഉംറയും:

മദീനയിലേക്ക് ഹിജ്റ വന്നതിന് ശേഷം തിരുമേനി(ﷺ) ഒരു ഹജ്ജല്ലാതെ ചെയ്തിട്ടില്ല. അത് വിടവാങ്ങൽ ഹജ്ജാകുന്നു. അതുപോലെ നാല് ഉംറയും ചെയ്തു. അവയെല്ലാം ദുൽഖഅദയിലായിരുന്നു, ഒരു ഉംറ തൻെറ ഹജ്ജിൻെറ കൂടെയുമായിരുന്നു.

## പ്രവാചകൻ(ﷺ)യുടെ രൂപം:

തിരുമേനി ﷺ നീളം കൂടിവരോ, കുറിയവരോ അല്ല, ഒത്ത നീളമുള്ളവരായിരുന്നു. ചുകപ്പ് കലർന്ന വെളുപ്പ് നിറമായിരുന്നു, ഇരുണ്ട കറുപ്പ് നിറമുള്ള കൃഷ്ണമണികളുള്ള കണ്ണായിരുന്നു പ്രവാചക ﷺ ൻെറത്, നെഞ്ചിൻെറയും, വയറിൻെറയും മധ്യഭാഗത്ത് മാത്രം രോമങ്ങളുള്ളവരായിരുന്നു തിരുമേനി.

## പ്രവാചകൻ(ﷺ)യുടെ സ്വഭാവങ്ങൾ:

തിരുമേനി ﷺ ജനങ്ങളിൽ വെച്ച് ഏറ്റവും ഔദാര്യവാനായിരുന്നു, പെരുമാറ്റത്തിലും, സംസാരത്തിലും സൗമ്യനും, സത്യസന്ധനും, കുടുംബത്തോടും, മറ്റുള്ളവരോടും വളരെ മാന്യമായി പെരുമാറുകയും ചെയ്യുന്നവരായിരുന്നു. തിരുമേനിയു ﷺ ടെ സ്വഭാവത്തെപ്പറ്റി വിശുദ്ധഖുർആൻ പറയുന്നു: "തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു" (ഖലം:4). തിരുമേനി ജനങ്ങളിൽ വെച്ച് ഏറ്റവും ധൈര്യശാലിയും, മണവാട്ടിയേക്കാൾ ലജ്ജയുള്ളവരുമായിരുന്നു. സമ്മാനം സ്വീകരിക്കുകയും, നൽകുകയും ചെയ്തിരുന്നു. സകാത്ത് സ്വീകരിക്കുകയോ, അതിൽ നിന്ന് ഭക്ഷിക്കുകയോ ചെയ്തിരുന്നില്ല. സ്വന്തത്തിന് വേണ്ടി ഒരിക്കലും കോപിച്ചിരുന്നില്ല, എന്നാൽ അല്ലാഹുവിന് വേണ്ടി കോപിച്ചിരുന്നു. തനിക്ക് ലഭിക്കുന്നത് ഭക്ഷിക്കുകയും, തനിക്ക് നൽകപ്പെടുന്ന യാതൊന്നും നിരസിക്കുകയും ചെയ്യില്ലായിരുന്നു. പ്രവാചകൻ ﷺ ചാരിയിരുന്ന് ഭക്ഷിക്കാറുണ്ടായിരുന്നില്ല. തിരുമേനിയുടെ വീട്ടിൽ പലപ്പോഴും മൂന്ന് മാസം വരെ അടുപ്പിൽ തീ പുകയിരുന്നില്ല, കാരണം അത്രക്കും ദാരിദ്ര്യമായിരുന്നു അല്ലാഹുവിൻെറ റസൂലി ﷺ ൻെറ വീട്ടിൽ. തിരുമേനി ﷺ പാവപ്പെട്ടവരോടൊപ്പവും, സാധുക്കളോടൊപ്പവും ഇരിക്കുകയും രോഗികളെ സന്ദർശിക്കുകയും, മയ്യിത്തിൻെറ കൂടെ അനുഗമിക്കുകയും ചെയ്യാറുണ്ടായിരുന്നു.

തിരുമേനി ﷺ തമാശ പറയാറുണ്ടായിരുന്നു, എന്നാൽ സത്യമല്ലാതെ പറയാറില്ല, ചിരിക്കാറുണ്ട് എന്നാൽ പൊട്ടി ചിരിക്കാറില്ല, തൻെറ കുടുംബത്തെ ജോലിയിൽ സഹായിക്കാറുണ്ടായിരുന്നു. തിർമിദി ഉദ്ധരിക്കുന്ന ഹദീസിൽ നമുക്ക് കാണാം: ആയിശാ(റ) പറയുന്നു: പ്രവാചകൻ ﷺ പറഞ്ഞു: നിങ്ങളിൽ ഏറ്റവും ഉത്തമർ തൻെറ വീട്ടുകാരോട് ഉത്തമമായി പെരുമാറുന്നവരാണ്, ഞാൻ എൻെറ വീട്ടുകാരോട് ഉത്തമമായി പെരുമാറുന്നവനാകുന്നു" (തിർമിദി). അനസ്ബ്നുമാലിക് ؓ പറയുന്നു: ഞാൻ പ്രവാചകന് ﷺ പത്ത് വർഷം സേവനം ചെയ്തു, ഒരിക്കൽ പോലും

എന്നോട് നീ എന്താണ് ഇങ്ങനെ ചെയ്തത്? നീ എന്താണ് അപ്രകാരം ചെയ്യാത്തത്? എന്ത് കൊണ്ട് ചെയ്യുന്നില്ല? എന്ന് പറഞ്ഞിട്ടില്ല!!!

തിരുമേനി ﷺ സഹജരരോട് വളരെ അനുകമ്പയുള്ളവരായിരുന്നു. ജനങ്ങൾക്ക് തന്നിലൂടെ അല്ലാഹു വെളിപ്പെടുത്തപ്പെട്ട അമാനുഷിക ദൃഷ്ടാന്തങ്ങൾ പ്രവാചകൻ ﷺ കാണിച്ച് കൊടുത്തു, ചന്ദ്രൻ പിളർക്കപ്പെട്ടു, വിരലുകൾക്കിടയിൽ നിന്ന് വെള്ളം ഒഴുകുകയുണ്ടായി, ഈത്തപ്പന തടി തിരുമേനിയോട് തേങ്ങി കരയുകയുണ്ടായി, ഒട്ടകം തിരുമേനി ﷺ യോട് ആവലാതിപ്പെടുകയും ചെയ്തു. അല്ലാഹു അറിയിച്ചത് പ്രകാരം തിരുമേനി ﷺ പറഞ്ഞ അദൃശ്യകാര്യങ്ങൾ അതുപോലെ സംഭവിക്കുകയും ചെയ്തു.

## പ്രവാചകൻ(ﷺ)യുടെ ശ്രേഷ്ടതകൾ:

ജാബിർ(ﷺ) പറയുന്നു: റസൂലുല്ലാഹ് ﷺ പറയുന്നു: "എനിക്ക് അഞ്ചു കാര്യങ്ങൾ നൽകിയിരിക്കുന്നു, എനിക്ക് മുമ്പ് അതാർക്കും നൽകപ്പെട്ടിട്ടില്ല. എനിക്കും ശത്രുക്കൾക്കുമിടയിൽ ഒരു മാസത്തെ വഴിദൂരമാണെങ്കിലും ശത്രുക്കൾക്ക് ഭയം നൽകി അല്ലാഹു എന്നെ സഹായിച്ചു, ഭൂമിയെനിക്ക് പള്ളിയും ശുദ്ധികരിക്കുവാനുള്ള വസ്തുവുമാക്കി തന്നു, അതുകൊണ്ട് തന്നെ എൻെറ സമുദായത്തിൽ ആർക്കെങ്കിലും നമസ്കാരത്തിൻെറ സമയമായാൽ അവൻ നമസ്കരിക്കട്ടെ, യുദ്ധാനന്തര സമ്പത്ത് എനിക്ക് അല്ലാഹു അനുവദനീയമാക്കി, എനിക്ക് മുമ്പ് ആർക്കുമത് അല്ലാഹു അനുവദനീയമാക്കിയില്ല. ശഫാഅത്തിനുള്ള അധികാരവും നൽകി, ഓരോ പ്രവാചകന്മാരും അവരവരുടെ സമുദായത്തിലേക്കാണ് നിയോഗിക്കപ്പെട്ടത്, എന്നാൽ എന്നെ മുഴുവൻ ജനങ്ങളിലേക്കുമാണ് നിയോഗിച്ചത്" (ബുഖാരി)

അനസ്(ﷺ)വിൽ നിന്ന്: പ്രവാചകൻ(ﷺ) പറയുന്നു: "അവസാന നാളിൽ ഏറ്റവും കൂടുതൽ അനുയായികളുള്ള പ്രവാചകൻ ﷺ ഞാനായിരിക്കും, സ്വർഗ വാതിൽ ആദ്യമായി മുട്ടുന്നതും ഞാനായിരിക്കും" (മുസ്ലിം).

അബൂഹുറൈറ(ﷺ)വിൽ നിന്ന്: പ്രവാചകൻ(ﷺ) പറയുന്നു: "അവസാന നാളിൽ ആദം സന്തതികളുടെ നേതാവ് ഞാനായിരിക്കും, ഖബറിൽ നിന്ന് ആദ്യമായി ഉയർത്തെഴുന്നേൽപ്പിക്കപ്പെടുന്നവനും ഞാനായിരിക്കും, ആദ്യമായി ശുപാർശ പറയുന്നവനും, ആദ്യമായി ശുപാർശ സ്വീകരിക്കപ്പെടുന്നവനും ഞാനായിരിക്കും" (മുസ്ലിം)

## പ്രവാചകൻ(ﷺ)യുടെ ആരാധനകളും, ജീവിതവും:

ആയിശാ(ﷺ) പറയുന്നു: പ്രവാചകൻ(ﷺ) കാലിന് പ്രയാസമനുഭവപ്പെടുന്നത് വരെ രാത്രിയിൽ നിന്ന് നമസ്കരിക്കാറുണ്ടായിരുന്നു" (ബുഖാരി) ആയിശാ ﷺ തന്നെ പറയുന്നത് കാണുക: 'പ്രവാചകൻ ഉറങ്ങാറുള്ള കിടക്ക പനനാര് നിറച്ച ഊറക്കിട്ട തോൽ കൊണ്ട് നിർമ്മിച്ചതായിരുന്നു" (അഹ്മദ്). ഇബ്നു ഉമർ ﷺ പറയുന്നു: "പ്രവാചകന് ഒരു ദിവസം വിശപ്പടക്കുവാൻ പേട് കാരക്ക പോലും ലഭിച്ചിരുന്നില്ല". ജീവിച്ചിരുന്നവരുടെയും, മരിച്ചവരുടെയും നേതാവായ പ്രവാചകൻ ﷺ ഇഹലോകത്ത് നഷ്ടപ്പെട്ടതിനെയോർത്ത വേവലാതിപ്പെട്ടില്ല. തിരുമേനിയുടെ ആദർശത്തിലേക്ക് സന്മാർഗം നൽകിയ അല്ലാഹുവിനാകുന്നു സ്തുതികളഖിലവും. പ്രവാചകനെ അനുസരിക്കുവാനും, പിൻപറ്റുവാനും അല്ലാഹു തൗഫീഖ് നൽകുമാറാവട്ടെ, ആമീൻ.

## പ്രധാനപ്പെട്ട സംഭവങ്ങൾ:

- ഇസ്രാഉം, മിഅ്റാജും: ഹിജ്റ പോകുന്നതിൻെറ മൂന്ന് വർഷം മുമ്പാണ് ഇത് നടന്നത്, ഈ സന്ദർഭത്തിലാണ് അഞ്ച് നേരത്തെ നമസ്കാരം നിർബ്ബന്ധമാക്കിയത്.



- ഹിജ്റ ഒന്നാം വർഷം: മദീനാ പള്ളി നിർമ്മാണം.
- രണ്ടാം വർഷം: ബദർ യുദ്ധം. മുസ്ലീങ്ങളെ ഉന്നതരാക്കുകയും, സത്യനിഷേധികൾക്കെതിരിൽ സഹായം ലഭിക്കുകയും ചെയ്തു.
- മൂന്നാം വർഷം: ഉഹ്ദ് യുദ്ധം, പ്രവാചകൻെറ കൽപനകളെ അവഗണിക്കുകയും, സൈന്യങ്ങളിൽ ചിലർ ഗനീമത്ത് മുതൽ ആഗ്രഹിക്കുകയും ചെയ്തതിൻെറ ഫലമായി മുസ്ലീങ്ങൾക്ക് പരാജയം നേരിടേണ്ടി വന്നു.
- നാലാം വർഷം: ബനൂനളീർ യുദ്ധം, മുസ്ലീങ്ങൾക്കിടയിലും, ബനൂനളീർ ഗോത്രത്തിനുമിടയിലുണ്ടായിരുന്ന കരാർ ബനൂനളീർ ഗോത്രം ലംഘിച്ചതിൻെറ ഫലമായി തിരുമേനി ﷺ ജൂതന്മാരെ അവിടെ നിന്നും പുറത്താക്കി.
- അഞ്ചാം വർഷം: ബനൂമുസ്തലഖ്, അഹ്സാബ്, ബനൂ ഖുറൈള എന്നീ യുദ്ധങ്ങൾ.
- ആറാം വർഷം: ഹുദൈബിയ സന്ധി. ഈ വർഷമാണ് മദ്യം പരിപൂർണമായി നിരോധിക്കപ്പെട്ടത്.
- ഏഴാം വർഷം: ഖൈബർ യുദ്ധം. ഈ വർഷമാണ് പ്രവാചകനും, സ്വഹാബികളും മക്കയിൽ പോയി ഉംറ നിർവ്വഹിച്ചത്. ഈ വർഷത്തിൽ തന്നെയാണ് തിരുമേനി ഹുയയിൻെറ മകൾ സ്വഫിയ്യ ﷺ യെ വിവാഹം കഴിച്ചത്.
- എട്ടാം വർഷം: മുസ്ലീങ്ങൾക്കിടയിലും, റോമാക്കാർക്കിടയിലും നടന്ന മുഅ്ത: യുദ്ധം. മക്കാ വിജയും. ഥഖീഫ്, ഹവാസിൻ എന്നീ ഗോത്രങ്ങൾക്കെതിരിൽ ഹുനൈൻ യുദ്ധം നടന്നതും ഈ വർഷമാണ്.
- ഒൻപതാം വർഷം: തിരുമേനി ﷺ യുടെ അവസാന യുദ്ധമായ തബൂക് യുദ്ധം. ഈ വർഷം തിരുമേനിയുടെ അടുത്തേക്ക് അനേകം സംഘങ്ങൾ വരുകയും കൂട്ടം കൂട്ടമായി ജനങ്ങൾ മുസ്ലിങ്ങളാവുകയും ചെയ്തു. അത്കൊണ്ട് തന്നെ ഈ വർഷത്തിന് സംഘങ്ങളുടെ വർഷം എന്ന് പേര് വരുകയും ചെയ്തു.
- പത്താം വർഷം: തിരുമേനി ﷺ യുടെ വിടവാങ്ങൽ ഹജ്ജ്. ഈ വർഷം തിരുമേനിയുടെ കൂടെ നൂറായിരമാളുകൾ ഹജ്ജ് ചെയ്യുകയുണ്ടായി.
- പതിനൊന്നാം വർഷം: പ്രവാചകൻ ﷺ യുടെ മരണം. അത് റബീഉൽ അവ്വൽ മാസം തിങ്കളാഴ്ചയാണ്, എന്നാൽ തിയ്യതിയുടെ കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. തിരുമേനിക്കന്ന് അറുപത്തിമൂന്ന് വയസ്സായിരുന്നു. നാൽപത് വയസ്സ് പ്രവാചകത്വത്തിന് മുമ്പും, പതിമൂന്ന് വർഷം മക്കയിലും, പത്ത് വർഷം മദീനയിലുമായിരുന്നു. തിരുമേനിയുടെ മേൽ അല്ലാഹുവിൻെറ ശാന്തിയും സമാധാനവും എപ്പോഴും വർഷിക്കുമാറാവട്ടെ.

## അവലംബ കൃതികൾ:


١– تهذيب الأسماء واللغات للنووي

٢– التبصرة والحدائق لإبن الجوزي

٣– زاد المعاد لإبن القيم

٤– السيرة النبوية للذهبي

٥– جوامع السيرة النبوية لإبن حزم

٦– الفصول في سيرة الرسول لإبن كثير

٧– صحيح السيرة النبوية لإبراهيم العلي.





المكتب التعاوني للدعوة والإرشاد وتوعية الجاليات بالجبيل

قسم الجاليات المسلم


# മുഹമ്മദ്നബി(ﷺ)യെ അറിയുക


തയ്യാറാക്കിയത്:

മദാറുൽവതൻ: റിയാദ്

വിവർത്തനം:

സയ്യിദ് സഅ്ഫർ സ്വാദിഖ്

ജുബൈൽ ദഅ്വ സെൻറർ


# أعرف نبيك

محمد صلى الله عليه وسلم


اعداد:

القسم العلمي بمدار الوطن – الرياض

ترجمة:

سيد سعفر صادق